(6) ബധിരരുടേയും ഊമകളുടേയും ദുരവസ്ഥ

ശ്രീ. എം. എം. ഹസ്സൻ: സർ, നമ്മുടെ സമൂഹത്തിലെ വികലാംഗരിൽ വലിയൊരുവിഭാഗംവരുന്ന ആളുകളാണ് ബധിരരും ഊമകളും. ശബ്ദിക്കാൻകഴിയാത്ത നിർഭാഗ്യരായ ആളുകളുടെ ദുരവസ്ഥയിലേക്കാണ് ഞാൻ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. വികലാംഗർക്ക് വേണ്ടത്ര ആശ്വാസം നൽകാനും അവരെ പുനരധിവസിപ്പിക്കാനും ഗവൺമെന്റ് പല തരത്തിലുള്ള സ്കീമുകളും പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും ശാരീരികമായി അംഗവൈകല്യം സംഭവിച്ചവർക്കും അന്ധത ബാധിച്ചവർക്കുംമാത്രമേ ഇത്തരം ആനുകൂല്യങ്ങളും ലഭിക്കുന്നുള്ളു. ബുദ്ധിസ്ഥിരതയില്ലാത്ത ആളുകൾക്കുവേണ്ടി, മെൻറലി റിറ്റാർഡെട്ടായിട്ടുള്ള ആളുകൾക്കുവേണ്ടി അവരെ സംരക്ഷിക്കാനും പുനരധിവസിപ്പിക്കാനും വേണ്ടി പ്രത്യേക ഹോമുകളും ഉണ്ട്. എന്നാൽ ഡെഫ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന ബധിരരും മൂകരുമായിട്ടുള്ള ആളുകൾക്ക് സ്വാതന്ത്ര്യലബ്ധിക്കുമുമ്പുണ്ടായിരുന്ന വിദ്യാഭ്യാസസൗകര്യങ്ങളും തൊഴിൽ സൗകര്യങ്ങളും മാത്രമേയുള്ളു. അവർക്ക് ഇന്നും വളരെ ശോചനീയമായൊരവസ്ഥയാണുള്ളത്. ഉദ്യോഗനിയമനങ്ങളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലുമൊക്കെ ശാരീരികമായി അംഗവൈകല്യം സംഭവിച്ചവരെമാത്രമാണ് പരിഗണിക്കുന്നത്. Blind—നേയും പരിഗണിക്കുന്നുണ്ട്. അതുകൊണ്ട് ഉദ്യോഗനിയമനത്തിൽ സംവരണത്തത്വത്തിന്റെ അടിസ്ഥാനത്തിൽ ഒരു നിശ്ചിതശതമാനം സംവരണം അവർക്കുമേർപ്പെടുത്തണം. അതുപോലെതന്നെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അവർക്കൊരു പരിഗണന കൊടുക്കണം. ഇവർക്കുവേണ്ടി ഒരു ജില്ലയിൽ ഒരു വിദ്യാലയമെന്നുള്ള നിലയിൽ, ടെക്നിക്കൽ കോഴ്സുകൾ പഠിപ്പിക്കുന്നതിന്, അവരെ പുനരധിവസിപ്പിക്കുന്നതിന് ജൂനിയർ ടെക്നിക്കൽ കോഴ്സുകൾ ഉണ്ടാക്കണമെന്നഭ്യർത്ഥിക്കുന്നു. ശബ്ദിക്കാൻ കഴിയാത്തവരുടെ കാര്യമാണ് പറയുന്നത്. നിർഭാഗ്യരായിട്ടുള്ള ഇവർക്ക് വീടുവയ്ക്കാൻ സ്ഥലമോ സാമ്പത്തിക സഹായമോ ചെയ്ത് അവരെ പുനരധിവസിപ്പിക്കണം. ഗവൺമെന്റ് ഓർഡർ എന്തുതന്നെയായാലും ശരി അത് നടപ്പിലാക്കിവരുമ്പോൾ ഫിസിക്കലി ഹാൻഡിക്യാപ്ഡിനും ബ്ലൈൻഡിനും മാത്രമേ ഗുണം കിട്ടുന്നുള്ളൂ. ഡെഫ് എന്നുപറയുന്ന വിഭാഗത്തെ പൂർണ്ണമായും അവഗണിക്കപ്പെടുകയാണ്. നിർഭാഗ്യരായ അവരെ സംരക്ഷിക്കണം. ശബ്ദിക്കാൻകഴിയാത്ത നിർഭാഗ്യരായവർക്കുവേണ്ടി ഗവൺമെന്റ് അടിയന്തിരനടപടികളും കൈക്കൊള്ളണമെന്നഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, വികലാംഗരെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് വളരെ സഹതാപകരമായ, അനുകൂലമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷനിൽത്തന്നെ അവർക്ക് നിയമനത്തിൽ പത്തുവയസ്സ് കൂടുതലായി അനുവദിച്ചിട്ടുണ്ട്. അതുപോലെതന്നെ ഗ്രേസ് മാർക്ക് പത്തുശതമാനം അനുവദിച്ചിട്ടുണ്ട്. ഓരോ ഡിസ്ട്രിക്ടിലും ഒരാണ്ടിൽ 50 പേരെ മൊത്തം റിക്രൂട്ട് ചെയ്യുന്നുണ്ട്. ഡിസ്ട്രിക്ട് കളക്ടർ അദ്ധ്യക്ഷനായുള്ള ഒരു കമ്മിറ്റിയാണ് റിക്രൂട്ട് ചെയ്യുന്നത്. അങ്ങനെ പല ആനുകൂല്യങ്ങളും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ബധിരരും ഊമകളുമായിട്ടുള്ള ആളുകളും ഉണ്ട്. ഇക്കാര്യത്തിൽ പ്രത്യേകമായിട്ടെന്തെങ്കിലും ചെയ്യാൻ സാധിക്കുമോയെന്ന് നിശ്ചയമില്ല. ഈ വിഭാഗത്തോട് അനുഭാവപൂർവ്വമാണ് ഗവൺമെന്റ് പെരുമാറുന്നത്. ഇക്കാര്യം ഗവൺമെന്റ് പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly